# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2013

### 11-03-2020 ൽ മറുപടിക്ക്

### കാസർഗോഡ് ബൈപ്പാസിന് കിഫ്ബിയിൽ നിന്ന് തുക

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ബൈപ്പാസിന് കിഫ്ബിയിൽ നിന്ന് എത്ര തുക അനുവദിച്ചിട്ടുണ്ട്; | കാസർഗോഡ് ബൈപ്പാസിന് 55.27 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. |
| (ബി) പ്രദേശത്തെ സ്ഥലം ഉടമകൾ റോഡിന് സ്ഥലം നൽകാൻ തയ്യാറാകാത്തത് കാരണം പ്രസ്തുത പ്രവൃത്തി എസ്.പി.വി. ആയ ആർ.ബി.ഡി.സി.കെ. ഉപേക്ഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | രണ്ടു വരി വാഹന ഗതാഗതം സാധ്യമാകുന്ന തരത്തിൽ കിഫ്ബിയുടെ പദ്ധതി നിബന്ധനകൾ പാലിച്ച് തയ്യാറാക്കിയ ബൈപ്പാസ് പദ്ധതി നടപ്പാക്കുന്നതിന് ഏകദേശം 1373 സെന്റ് സ്ഥലവും അനുബന്ധ കെട്ടിടങ്ങളും ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനായി ഏകദേശം 24.3 കോടി രൂപയും പദ്ധതിയിൽ വകയിരുത്തിയിരുന്നു. തുടർന്ന് 31.12.2018 ൽ ബൈപ്പാസിനു വേണ്ടി സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ച് കൂടിയ യോഗത്തിൽ പങ്കെടുത്ത സ്ഥല ഉടമകൾ 12 മീറ്റർ വീതിയിൽ നിർമ്മിക്കുന്ന ബൈപ്പാസിന് സ്ഥലം വിട്ടു നൽകുന്നതിനെ ശക്തമായി എതിർത്തതിനെ തുടർന്ന് സ്ഥലമേറ്റെടുക്കുന്നതിനെ സംബന്ധിച്ച് ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞില്ല. |

| | |
|---|---|
| (സി) ആയതിന് പകരം മറ്റൊരു പ്രവൃത്തി ഒന്നെങ്കിലും അനുവദിക്കണമെന്നവാശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ പ്രൊപ്പോസലിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; | കാസർഗോഡ് ബൈപ്പാസിന് പകരമായി ബഹു. എം.എൽ.എ നിർദ്ദേശിച്ച പദ്ധതികൾ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കിഫ്ബിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ടി പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കുന്നതിന് മന്ത്രിസഭാ അംഗീകാരം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള തുടർ നടപടികൾ ബന്ധപ്പെട്ട ഭരണവകുപ്പ് മുഖേന കൈക്കൊള്ളേണ്ടതാണെന്ന് ബഹു. എം.എൽ.എ യെ അറിയിച്ചിട്ടുണ്ട്. |
| (ഡി) ഇല്ലെങ്കിൽ ധനകാര്യ വകുപ്പിന്റെ പക്കലുള്ള 1403290/ഐ.എൻ.ഡി. & പി.ഡബ്ള്യു.ഡി. ബി3/2019 നമ്പർ ഫയലിൽ അനുകൂല നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ